**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 796** **06-10-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ ഓൺലൈൻ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | വയനാട് ജില്ലയിൽ ഓൺലൈൻ പഠനത്തിന് സ്വന്തമായി സംവിധാനമില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികൾ ഉണ്ടെന്ന കണക്ക് ലഭ്യമാക്കാമോ; | (എ) | വയനാട് ജില്ലയിൽ ഓൺലൈൻ പഠനത്തിനാവശ്യമായ പഠനോപകരണങ്ങൾ സ്വന്തമായി ഇല്ലാത്ത 18,044 പട്ടികവർഗ്ഗ വിദ്യാർത്ഥികളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഓൺലൈൻ പഠനോപകരണങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് KITE മുഖേന പഠനാവശ്യത്തിന് ലാപ്ടോപ്പുകൾ നൽകുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കനുവദിച്ച TSP/ തനത് ഫണ്ട് ഉപയോഗിക്കുന്നതിനായി അനുമതി നൽകി 23.06.2021 തീയതി ഉത്തരവിറക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ